ഖുത്വ്ബ നമ്പർ
**03**
**17-01-2014**

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ایده الله تعالىٰ بنصره العزیز

വിവർത്തനം: ടി. അമീറുദ്ധീൻ സാജിദ്



Baitul Futuh, London

# ആത്മസംസ്കരണം: പരിഹാരം

കർമ്മപരമായ സംസ്കരണത്തിന് മാർഗ തടസ്സമാകുന്നതും, വീണ്ടും വീണ്ടും നമ്മേ പിൻതിരിപ്പിക്കുന്നതുമായ കാര്യങ്ങളെ മറികടക്കുന്നതിന് ആവശ്യമായതുമായ വിഷയങ്ങളെ കുറിച്ചാണ് കഴിഞ്ഞ ഖുത്ബയിൽ ഞാൻ പ്രതിപാദിച്ചത്. അഥവാ മനുഷ്യനിൽ ഇച്ഛാ ശക്തിയും, ശരിയായതും പൂർണ്ണമായതുമായ അറിവും, കർമ്മ ശേഷിയും ഉണ്ടാകുകയാണെങ്കിൽ, കർമ്മപരമായ ന്യൂനതകൾക്ക് എതിരിൽ പോരാടാൻ സാധിക്കുന്നതാണ് എന്നും ഞാൻ പറഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ കർമ്മങ്ങളിൽ ന്യൂനതകൾ ഉണ്ടാകുന്നത് തന്നെ ഇച്ഛാശകതി ഇല്ലാതാകുമ്പോഴാണ്. അല്ലെങ്കിൽ സത്കർമ്മങ്ങളും, ദുഷ്കർമ്മങ്ങളും ഏതൊക്കെയാണെന്ന് അറിവില്ലാതിരിക്കുമ്പോഴാണ്. സത്കർമങ്ങൾ നേടിയെടുക്കേണ്ടത് എങ്ങനെയാണ് എന്നും അത് പ്രാവർത്തികമാക്കുകയും, ദുഷ്കർമ്മങ്ങളിൽ നിന്ന് വിട്ട് നിൽക്കുന്നതിന് എങ്ങനെയാണ് പരിശ്രമിക്കേണ്ടത് എന്നും അറിവില്ലാതിരിക്കുകയും, തിന്മകളുമായി പോരാടാൻ കഴിവില്ലാത്ത വിധം ഇച്ഛാ ശക്തി ദുർബലപ്പെട്ട് പോകുമ്പോഴുമാണ് കർമ്മങ്ങളിൽ ന്യൂനതകൾ ഉണ്ടാകുന്നത്. ആകയാൽ ഇച്ഛാ ശക്തിയെ ശക്തിപ്പെടുത്തുകയും വൈജ്ഞാനികമായ കുറവുകൾ ദുരീകരിക്കുകയും, കർമ്മ ശേഷി പുഷ്ടിപ്പെടുത്തുകയും ചെയ്യേണ്ടത് അത്യന്തം അനിവാര്യമാണ്. കർമശേഷി പരിശ്രമങ്ങൾ മുഖേനയാണ് ഉണ്ടാകുന്നത്. അഥവാ മനുഷ്യൻ അത്യന്തം ബലഹീനനാണെങ്കിൽ ബാഹ്യ ശക്തികളുടെ സഹായം മുഖേനയും ശക്തിപ്പെടുത്താൻ സാധിക്കുന്നതാണ്. ഈ വിഷയ സംബന്ധമായി ചില വിശദീകരണങ്ങൾ ഉദാഹരണങ്ങളിലൂടെ ഞാനിന്ന് പറയുന്നതാണ്. ഈ വിഷയത്തിൽ കൂടുതൽ കാര്യങ്ങൾ പറയേണ്ടത് അനിവാര്യമാണെന്നും ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു. കർമപരമായ പരിഷ്ക്കരണത്തിന് ആവശ്യമായ മൂന്ന് കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രഥമവുമായത് ഇച്ഛാ ശക്തിയാണെന്ന് നമ്മൾ കണ്ട് കഴിഞ്ഞതാണ്. ഈ ഇച്ഛാ ശക്തി എന്താണ്? നമ്മിൽ പലർക്കും തന്നെ ആശ്ചര്യം തോന്നാം ഈ പറഞ്ഞു വരുന്ന ഇച്ഛാ ശക്തി എന്താണ് എന്ന്? ഇച്ഛാ ശക്തി എന്ന വാക്കിൽ നിന്നും പ്രകടമാകുന്നത് പോലെ തന്നെ ഒരു കർമം ചെയ്യുവാനുള്ള ഉറച്ച തീരുമാനം എടുക്കുകയും ആ കർമത്തെ അതിന്റെ പര്യവസാനത്തിൽ എത്തിക്കാനുള്ള ശക്തിയുമാണിതെന്ന് ഭൂരിപക്ഷം ആളുകൾക്കും തോന്നാം. അങ്ങനെയാണെങ്കിൽ ഇച്ഛാ ശക്തി എന്താണ് എന്ന ചോദ്യം ഇവിടെ ഉന്നയിക്കേണ്ട ആവശ്യമെന്താണ്? അതിനെ സംബന്ധിച്ചും വ്യക്തമാക്കേണ്ടതാണ്. അതുപോലെ ഈ വിഷയ സംബന്ധമായി ഹ: മുസ്ലിഹ് മൗഊദ് رضي الله عنه വളരെ മനോഹരമായ ശൈലിയിൽ വിശദീകരിച്ചിട്ടുണ്ട്. ഇച്ഛാ ശക്തിയുടെ അർത്ഥം പ്രവർത്തനമനുസരിച്ച് എല്ലായിടത്തും മാറിക്കൊണ്ടിരിക്കുന്നു. ഈ അടിസ്ഥാന തത്വം നമ്മുടെ ഓർമയിൽ ഇരിക്കേണ്ടതാണ്. ഈ വസ്തുതയെ നമ്മുടെ മുമ്പിൽ വെച്ചാൽ മാത്രമേ മാർഗ സംബന്ധമായ വിഷയങ്ങളിൽ ഇച്ഛാ ശക്തികൊണ്ടുദ്ദേശിക്കുന്നത് എന്താണ് എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. മതപരമായ കാര്യങ്ങളിൽ ഇച്ഛാ ശക്തി എന്നത് ഈമാന്റെ പേരാണെന്ന് മനസ്സിലാക്കികൊള്ളുക. അപ്പോൾ നാം വീക്ഷണകോണിലൂടെ നോക്കുമ്പോൾ കർമ ശേഷി ഈമാൻ വർദ്ധിക്കുന്നതിനനുസൃതമായി അധികരിക്കുന്നു എന്ന് മനസ്സിലാകുന്നതാണ്. അഥവാ ഉറച്ച വിശ്വാസവും, അല്ലാഹുവുമായി സുദൃഢബന്ധവും ഉണ്ടെങ്കിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾ ഒന്നിനൊന്ന് മെച്ചപ്പെട്ട് കൊണ്ടിരിക്കുന്നതാണ്. എല്ലാ പ്രയാസങ്ങളും അല്ലാഹുവിന്റെ സഹായ സംരക്ഷണത്താൽ ഏളുപ്പമായി പരിണമിക്കുന്നതാണ്. ഈ ഉറച്ച വിശ്വാസം കാരണം കർമപരമായ തടസ്സങ്ങൾ കാറ്റിൽ പറന്ന് പോകുന്നതാണ്. അങ്ങനെ വളരെ എളുപ്പത്തിൽ മനുഷ്യന് ഇത് പ്രകടമാകുന്നതാണ്. ഇത് വെറും വാചകടി മാത്രമല്ല. മറിച്ച് പ്രവർത്തന രീതിയിൽ നമുക്ക് ഇതിനുള്ള ഉദാഹരണങ്ങൾ കാണാൻ സാധിക്കുന്നതാണ്.

നാം റസൂൽ കരീം ﷺ യുടെ കാലഘട്ടത്തിലേക്ക് കണ്ണോടിക്കുമ്പോൾ വിശ്വാസ സ്വീകരണത്തിന് മുമ്പും ശേഷവുമുള്ള പ്രവർത്തന ശൈലികൾ തമ്മിൽ ആശ്ചര്യജനകമായ വ്യതിയാനത്തിന്റെ മാതൃകകൾ കാണാൻ സാധിക്കുന്നതാണ്. റസൂൽ കരീം ﷺ യിൽ വിശ്വസിച്ചവർ ആരായിരുന്നു? അവരുടെ കർമങ്ങൾ ഏത് രീതിയിൽ ഉള്ളവയായിരുന്നു? ഇതിനെ സംബന്ധിച്ച് ചരിത്രം നമ്മോട് എന്താണ് പറയുന്നത്? വിശ്വാസിച്ചവരുടെ കൂട്ടത്തിൽ മോഷ്ടാക്കളും, കൊള്ളക്കാരും, അക്രമികളും, ദുർനടത്തക്കാരും ഉണ്ടായിരുന്നു, അവരിൽ സ്വന്തം മാതാക്കളുമായി നിക്കാഹ് ചെയ്യുന്ന ആളുകളും, മാതാക്കളെ അനന്തരാവകാശ രീതിയിൽ വീതിക്കുന്നവരും, തങ്ങളുടെ പെൺമക്കളെ കൊലചെയ്യുന്നവരും, ചൂതുകളിക്കുന്നവരും ഉണ്ടായിരുന്നു. അവർ ഏത് നേരവും ചൂതാട്ടത്തിൽ മുഴുകിയിരിക്കുന്നവരായിരുന്നു. അവരിൽ മദ്യപാനികളും ഉണ്ടായിരുന്നു. മദ്യപാനത്തിൽ അവരോട് മത്സരിക്കാൻ പോന്ന ആളുകൾ ഉണ്ടായിരുന്നില്ല. മദ്യപിക്കുന്നതിനെ അവർ അഭിമാനമായി കണ്ടിരുന്നു. ഒരാൾ മറ്റൊരാളിൽ മദ്യപിക്കുന്നതിൽ ഊറ്റം കൊണ്ടിരുന്നു.

ഞാനാണ് വലിയ കുടിയൻ, എനിക്കാണ് ഏറ്റവും അധികം മദ്യപിക്കാൻ സാധിക്കുന്നത് എന്ന് നിനച്ച് അവർ അഭിമാനം കൊണ്ടിരുന്നു. ഒരു കവി തന്റെ അന്തസ്സിനേയും അഭിമാനത്തേയും ഉയർത്തിപ്പിടിച്ച് കൊണ്ട് പറയുന്നു: "ഞാൻ രാത്രികളിൽ എഴുന്നേറ്റ് മദ്യപിക്കുന്നവനാണ്. വെള്ളം കൈകൊണ്ട് പോലും സപർശിക്കാറില്ല." അത്പോലെ ചൂതുകളിക്കുന്നവൻ തന്റെ ചൂതാട്ടത്തിൽ അഭിമാനം കൊണ്ട് പറയുന്നു: "ഞാൻ എന്റെ മുഴുവൻ സമ്പത്തും ചൂതുകളിയിൽ ചിലവഴിക്കുന്നു. പിന്നെയും പണം വരുന്നു ഞാൻ പിന്നെയും ചൂതാട്ടത്തിൽ ചിലവഴിക്കുന്നു." ഒരു പക്ഷേ ഇന്ന് വലിയവരിൽ വലിയ ചൂതാട്ടക്കാരൻ പോലും ഇത് തുറന്ന് സമ്മതിക്കുന്നുണ്ടാകില്ല. എന്തായാലും അന്നത്തെ അവരുടെ അവസ്ഥ ഇതായിരുന്നു. പിന്നീട് റസൂൽ ﷺ യിൽ വിശ്വസിച്ച കാരണത്താൽ അവരുടെ അവസ്ഥകൾ ഏതു രീതിയിൽ മാറി? എങ്ങനത്തെ വിപ്ലവമാണ് അവരിൽ ഉണ്ടായത്? ഏതുരീതിയിലുള്ള ഇച്ഛാ ശക്തിയാണ് ഇവരുടെ ഈമാനിൽ ഉടലെടുത്തത്? ആ സംഭവങ്ങളും ചരിത്രം നമ്മോട് പറയുന്നു. അത് കേൾക്കുമ്പോൾ ആശ്ചര്യം തോന്നുന്നു. എങ്ങനെ ഇത്ര വേഗം, ഇത്ര മഹത്തരമായ ഒരു വിപ്ലവം അവരിൽ ഉണ്ടായി? വിശ്വസിച്ചുടൻ തന്നെ ദീനി അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിന് തങ്ങളുടെ ഹൃദയത്തെ ഉറച്ചതും ദൃഢമുള്ളതും ആക്കണമെന്ന് അവർ തീരുമാനിച്ചു. അല്ലാഹുവിന്റെ കല്പനകൾക്കെതിരിൽ ഇനി തങ്ങൾ ഒരു ചുവടു പോലും വയ്ക്കുകയില്ലാ എന്ന് അവർ തീരുമാനമെടുത്തു. റസൂൽ കരീം ﷺ യുടെ ഓരോ കല്പനയും തന്നെ തങ്ങൾക്ക് അവസാന വാക്കായിരിക്കുമെന്നവർ തീരുമാനിച്ചു. അവരുടെ ഈ തീരുമാനം എത്രമാത്രം ഉറച്ചതും, ദൃഢമായതും, ഉച്ചത്തിലുള്ളതുമായിരുന്നെന്നാൽ അവരുടെ പ്രവർത്തന വൈകല്യങ്ങൾ ഈ തീരുമാനത്തിന്റെ മുമ്പിൽ ഒരു നൊടി പോലും നിലനിന്നില്ല. അവരുടെ അവസ്ഥകൾ എത്രത്തോളം മാറിയെന്നാൽ അവർ അപകടം നിറഞ്ഞ ദുരിതങ്ങൾ തങ്ങൾക്ക് മേൽ വരിക്കാൻ തയ്യാറായി. എന്ന് മാത്രമല്ല. അവർ തങ്ങളിൽ ഉണ്ടാക്കിയെടുത്ത ഇച്ഛാ ശക്തി മുഖേന ഒരു വലിയ വെള്ളപ്പൊക്കത്തിന്റെ അലകൾ ഒരു ഈർക്കിൾ കമ്പിനെ ഒഴുക്കി കളയുന്നത് പോലെ അവർ തങ്ങളുടെ കർമപരമായ വൈകല്യങ്ങളെ അകറ്റുകയും, വലിച്ചെറിയുകയും ചെയ്തു.

മദ്യത്തിന്റെ ഉദാഹരണം പറയപ്പെട്ടിരിക്കുന്നു. അവർ ഏത് രീതിയിലാണ് മദ്യപിച്ചിരുന്നത് എന്നും അവർക്കതിൽ എത്രത്തോളം അഭിമാനമുണ്ടായിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. ഈ ലഹരിയുടെ മത്ത് പിടിച്ചു കഴിഞ്ഞാൽ അത് മനുഷ്യന്റെ അവസ്ഥയെ എങ്ങനെയാണ് മാറ്റി മറിക്കുമെന്നതിന്റെ ഇതിന്റെ ഉദാഹരണം അന്നാട്ടിലുള്ളവർ എപ്പോഴും കാണാറുണ്ട്. നമ്മുടെ മസ്ജിദ് ഫസ്ലിന്റെ റോഡിലും ഒരു മദ്യപാനിയുണ്ട്. അയാളുടെ പക്കൽ മദ്യക്കുപ്പികളല്ലാതെ മറ്റൊന്നും കാണാൻ സാധിക്കില്ല. മുഷിഞ്ഞ വസ്ത്രങ്ങളായിരിക്കും പക്ഷേ മദ്യം തീർച്ചയായും വാങ്ങിക്കും. അയാൾ വിദ്യാസമ്പന്നനാണ് എന്നും എനിക്ക് അറിയാൻ കഴിഞ്ഞു. ഒരു കാലത്ത് അയാൾ എഞ്ചിനിയറും ആയിരുന്നു. എന്തായാലും ഇപ്പോൾ അയാൾ ജോലിയൊന്നും ചെയ്യാറില്ല. ഇപ്പോൾ ഒരുപാട് പ്രയാധിക്യവുമായി, അയാൾക്ക് ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന പണം മുഴുവനും അയാൾ മദ്യത്തിന് വേണ്ടിയാണ് ചെലവഴിക്കുന്നത്. വഴിയോരത്ത് അയാൾ കഴിഞ്ഞ് കൂടുന്നു. മദ്യപാനം അയാളുടെ മാനസിക നിലയും വഷളാക്കി. പാവം തീർത്തും അനാരോഗ്യവാനായിത്തീർന്നു. കുടിച്ച് ഉൻമത്തനായിരിക്കുന്ന അവസ്ഥയിൽ അയാളെ കണ്ടാൻ ഭയം തോന്നും. ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട് വഴിയാത്രക്കാരായ സ്ത്രീകളെ തടഞ്ഞു നിർത്തും. ഈയൊരു അന്തരീക്ഷത്തിൽ കഴിയുന്ന ഇംഗ്ലീഷുകാരായ വനിതകളായിട്ട് പോലും അവരുടെ മുഖത്ത് ഭയം വെളിപ്പെടുന്നത് കാണാം. എന്തായാലും മദ്യലഹരിയാണ് അയാളുടെ നില താറുമാറാക്കിയത്. മറ്റ് ചില മദ്യപാനികളേയും നാം കാണാറുണ്ട് മദ്യത്തിൽ ഉന്മത്തരായ അവർ സ്വന്തം മാതാപിതാക്കളെ പോലും അനാവശ്യം പറയാറുണ്ട്. വിചിത്രമായ സ്വഭാവങ്ങൾ അവർ പ്രകടിപ്പിക്കാറുണ്ട്. എനിക്കോർമ്മയുണ്ട് ഘാനയിൽ ഞാനുണ്ടായിരുന്നപ്പോൾ, തുമാലി എന്ന പട്ടണത്തിൽ ജമാഅത്തിന്റെ പല പ്രൊജക്റ്റുകളും ഉണ്ടായിരുന്നു. അവിടെ ഞാൻ താമസിച്ചിരുന്ന വീടിന് ചുറ്റുമതിൽ ഉണ്ടായിരുന്നില്ല. പുറത്ത് മാത്രമല്ല അകത്തും അത് പോലെയായിരുന്നു. എല്ലാ വീടുകളും തന്നെ ചുറ്റുമതിൽ ഇല്ലാത്തവയായിരുന്നു. സാധാരണ അവിടെ അങ്ങനെയാണ് വീടുകൾ പണിയാറുണ്ടായിരുന്നത്. ചിലർ തങ്ങളുടെ വീടിന്റെ അകവശത്ത് മതിൽ പണിയാറുണ്ടായിരുന്നു. ഇവിടെ പിന്നാമ്പുറം ഉണ്ടാക്കുന്നത് പോലെ. എന്തായാലും ഞങ്ങളുടെ വീടിന്റെ മുന്നിലും പിന്നിലും മതിൽ ഉണ്ടായിരുന്നില്ല. എല്ലാ ഭാഗത്ത് നിന്നും തുറന്ന നിലയിലുള്ള ഒരു വീടായിരുന്നു. അവിടെ വാഹനം നിർത്തുന്നതിനായുള്ള ചെറിയ സ്ഥലവും ഉണ്ടായിരുന്നു. ഞാൻ പറഞ്ഞത് പോലെ മതിൽക്കെട്ടോ ഗേറ്റോ ഉണ്ടായിരുന്നില്ല. ആ സമയത്ത് അവിടത്തെ ജീവിത സാഹചര്യങ്ങളും വളരെ മോശമായിരുന്നു. പുറത്ത് തുറന്ന നിലയിൽ എന്തെങ്കിലും സാധനങ്ങൾ വയ്ക്കുകയാണെങ്കിൽ മോഷണവും നടക്കുമായിരുന്നു. ഇപ്പോൾ ഇവിടെയും മോഷണം തുടങ്ങിയിരിക്കുകയാണ്. ഏത് വരെയെന്നാൽ ഇവിടെ കതക് കുത്തിത്തുറന്ന് വരെ മോഷണം ആരംഭിച്ചിരിക്കുന്നു. എന്തായാലും അപ്പോൾ സമാധാനപരമായ അന്തരീക്ഷമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ജീവിത സാഹചര്യങ്ങൾ വളരെ മോശമായിരുന്നു. അവിടെ ഞങ്ങൾ ഒരു വാച്ച്മാനെ വച്ചിരുന്നു. അയാൾ രാത്രി വരുമായിരുന്നു വരുമ്പോൾ ഞാൻ പ്രത്യേകമായി പറഞ്ഞു. ഞങ്ങളുടെ വാഹനം പിക്കപ്പ് അത് പുറത്തായിരുന്നു നിൽക്കുന്നത്. അതിന്റെ ടയറുകൾ പുറത്ത് തന്നെയായിരുന്നു ഇട്ടിരുന്നത് കാരണം ആ വണ്ടിയിൽ ചില മാറ്റങ്ങൾ വരുത്തിയ കാരണത്താൽ ടയർ വയ്ക്കുന്ന സ്ഥലത്ത് അത് വയ്ക്കാൻ സാധിക്കില്ലായിരുന്നു. എന്തായാലും ഞാൻ അയാളോട് പ്രത്യേകമായി പറഞ്ഞു. ഒരു പാട് ടയറുകൾ മോഷണം പോകാറുണ്ട് അതിനാൽ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മിക്കവാറും അയാൾ മദ്യപിച്ചാണ് വരാറുണ്ടായിരുന്നത്. ടയർ പുറത്തേക്ക് എടുക്കുമ്പോൾ ടയറിന് മുമ്പേ തന്നെ അയാൾ താഴെ വീണ് പോകുമായിരുന്നു. എന്തായാലും ഞാൻ ഒരു ദിവസം നോക്കിയപ്പോൾ മദ്യപിച്ച് മൂക്ക് കുത്തിക്കിടക്കു കയാണ്. അന്ന് അയാൾ ഒരുപാട് മദ്യപിച്ചിരുന്നു. അങ്ങനത്തെ വാച്ച്മാനെ കൊണ്ട് എന്ത് പ്രയോജനമാണ്?

അയാൾ പുലമ്പിക്കൊണ്ടിരിക്കുകയായിരുന്ന സമയത്ത് ഒന്നും പറയാതിരിക്കുന്നതാണ് ഉത്തമമെന്നെനിക്ക് തോന്നി. കാരണം ഞനെന്തെങ്കിലും പറഞ്ഞാൽ അയാൾ എന്നെയും അസഭ്യം പറയാൻ തുടങ്ങും എന്ന് എനിക്ക് മനസ്സിലായി പിറ്റേ ദിവസം അയാളുടെ ലഹരി ഇറങ്ങിയപ്പോൾ ഞാൻ പറഞ്ഞു. നിങ്ങൾ പൊയ്ക്കൊള്ളുക, ഇനി നിങ്ങളെ ഇവിടെ നിർത്തുന്നതല്ല. അയാൾ ഒരുപാട് താണ്കേണപേക്ഷിച്ചു. എന്തായാലും മദ്യപാനം അയാൾക്ക് ഉപേക്ഷിക്കാൻ കഴിയില്ലായിരുന്നു. പക്ഷേ പിന്നീട് ബുദ്ധിപൂർവ്വം ഇവിടെ ഡ്യൂട്ടിക്ക് വരുന്നതിന് ഒരുപാട് നേരത്തേ കുടിച്ച് ലഹരി ഇറങ്ങിയ ശേഷമോ, അല്ലെങ്കിൽ പുറത്ത് അറിയാതിരിക്കാൻ വേണ്ടി കുറഞ്ഞ അളവിൽ കുടിച്ച ശേഷമോ മാത്രമേ വരാറുണ്ടായിരുന്നു. എന്തായാലും ലഹരി ഉപയോഗിക്കുന്നവർക്ക് അത് നിയന്ത്രിക്കാൻ കഴിയില്ല. അങ്ങനെ കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ പഴയ അവസ്ഥ തന്നെയായി. പറഞ്ഞതിന്റെ ഉദ്ദേശമിതാണ്, ലഹരിയിൽ മനുഷ്യന് ഒന്നും തന്നെ അറിയാൻ സാധിക്കില്ല. എന്താണ് പ്രവൃത്തിക്കുന്നതെന്നോ പറയുന്നതെന്നോ അറിയില്ല. നീ ഇന്നതൊക്കെ പറഞ്ഞില്ലേ എന്ന് അടുത്ത ദിവസം ചോദിച്ചാൽ തുറന്ന് നിരാകരിക്കുന്നതായിരിക്കും, ഞാൻ അങ്ങയൊന്നും പറഞ്ഞിട്ടില്ലായെന്നും അവർ പറയും. അപ്പോൾ ഇങ്ങനെയുള്ള ആളുകളുമുണ്ട്, നല്ല ആളുകളുമുണ്ട്. ലഹരി ഇറങ്ങിക്കഴിഞ്ഞാൽ ഇത് സമ്മതിക്കാൻ കൂട്ടാക്കാത്തവരുണ്ട് ഹ: മുസ്‌ലിഹ് മൗഊദ് ﷺ തന്റെ ഒരു ട്രയിൻ യാത്രക്കിടയിൽ കണ്ടുമുട്ടാനിടയായ ഒരു വ്യക്തിയുടെ സംഭവം പരാമർശിക്കുന്നു. അയാൾ ഒരു ഉന്നത കുടുംബത്തിലെ വ്യക്തിയായിരുന്നു. ഒരു പക്ഷേ ഹ: മുസ്‌ലിഹ് മൗഊദ്ﷺ നെ അയാൾക്ക് പരിചയമുണ്ടായിരുന്നു. പുഞ്ചിലെ ഏതോ ഒരു മന്ത്രിയുടെ മകനായിരുന്നു അയാൾ, ആ യാത്രയിൽ മദ്യലഹരിയിൽ, സ്വബോധത്തിൽ ഒരു മനുഷ്യൻ ഒരിക്കലും പറയാത്ത കാര്യങ്ങളെല്ലാം വിളിച്ചു പറയുന്നുണ്ടായിരുന്നു.

ഹദ്റത് മുസ്‌ലിഹ് മൗഊദ് ﷺ പറയുന്നു: ''മദ്യലഹരി മനുഷ്യ മസ്തിഷ്ക്കത്തിൽ മറയിടുന്നു. ഈ ലഹരി തികച്ചും അവനെ ഭ്രാന്തനാക്കിക്കളയുന്നു. എന്നാൽ മറുഭാഗത്ത് നാം ഇച്ഛാ ശക്തിയുടെ ഏത് പോലുള്ള വിപ്ലവമാണ് കാണുന്നതെന്നാൽ ചില അമുസ്‌ലിം ചരിത്രകാരന്മാർ പോലും വിശ്വസിക്കുന്നത്, ഈ ഇച്ഛാ ശക്തി ഈമാന്റെ ഇച്ഛാ ശക്തിയാണെന്നാണ്. ഇത് റസൂൽ കരീം ﷺ തന്നെ വിശ്വസിച്ചവരിൽ ഉണ്ടാകിയെടുത്തതാണ്. ഇതിന്റെ കാഴ്ച്ച നമുക്ക് ഈ രിവായത്തിൽ നിന്ന് ലഭിക്കുന്നതാണ്. ചില സഹാബികൾ ഒരു വീട്ടിൽ കൂടിയിരിക്കുകയായിരുന്നു. വാതിലുകൾ അടച്ചിരുന്നു. അവരെല്ലാവരും, ആ സമയത്ത് മദ്യപിക്കുകയായിരുന്നു. മദ്യനിരോധനത്തെ സംബന്ധിച്ചുള്ള കല്പന അപ്പോൾ ഇറങ്ങിയിരുന്നില്ല. മദ്യപാനം ചെയ്യുന്നതിൽ ഒരു മടിയും ഉണ്ടായിരുന്നില്ല. ഓരോരുത്തരും അവരുടെ മനസ്സ് നിറയുന്നത് വരെ കുടിച്ച്കൊണ്ടിരുന്നു. ലഹരിയിൽ ഉന്മാത്തരാവുകയും ചെയ്തിരുന്നു. മദ്യത്തിന്റെ ഒരു കുടം ആ സദസ്സിൽ കൂടിയിരുന്നവർ കുടിച്ച് തീർത്തു. ആ ഒരു കുടം വളരെ ഗാംഭീരമുള്ള ലഹരിയായിരുന്നു. അതിന് ശേഷം അടുത്തത് തുറക്കാൻ ഭാവിക്കുകയായിരുന്നു ആ സമയത്ത് തെരുവിൽ ഒരു ശബ്ദം കേട്ടു. റസൂൽ കരീം ﷺ അരുൾ ചെയ്യുന്നു ഇന്ന് മുതൽ മുസ്‌ലിംകൾക്ക് മദ്യം ഹറാമാക്കപ്പെട്ടിരിക്കുന്നു എന്ന് അല്ലാഹു എന്നോട് കല്പ്പിച്ചിരിക്കുന്നു. ഈ ശബ്ദം അവരിലേക്ക് എത്തിയപ്പോൾ തന്നെ ആ കൂട്ടത്തിൽ മദ്യ ലഹരിയിൽ ഉന്മാത്തനായിരുന്ന ഒരു വ്യക്തി അടുത്തിരുന്ന ആളോട് പറഞ്ഞു, എഴുന്നേറ്റ് വാതിൽ തുറക്കുക എന്നിട്ട് ഈ വിളംബരത്തിന്റെ സത്യാവസ്ഥ മനസ്സിലാക്കുക. ആ മദ്യപാനികളുടെ കൂട്ടത്തിൽ നിന്ന് ഒരാൾ എഴുന്നേറ്റ് വിളംബരത്തിന്റെ സത്യാവസ്ഥയെ കുറിച്ച് മനസ്സിലാക്കണം എന്ന് വിചാരിച്ചപ്പോഴേക്കും മദ്യലഹരിയിൽ മുങ്ങിയിരുന്ന മറ്റൊരു വ്യക്തി ഒരു വടിയെടുത്ത് മദ്യത്തിന്റെ കുടം അടിച്ച് പൊട്ടിച്ചു. മറ്റുള്ളവർ ചോദിച്ചു, നിങ്ങൾ ഇത് എന്താണ് ചെയ്തത്? വിളംബരത്തിൽ പറയുന്ന കല്പന കൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്നും, അത് ആർക്ക് വേണ്ടിയുള്ളതാണെന്നും അന്വേഷിക്കാമായിരുന്നു? ആ വ്യക്തി പറഞ്ഞു ആദ്യം കുടങ്ങൾ തകർക്കുക, എന്നിട്ട് കല്പനയുടെ വാസ്തവത്തെക്കുറിച്ച് അന്വേഷിക്കുക. ആ വ്യക്തി പറഞ്ഞു ഞാൻ റസൂൽ കരീം ﷺ യുടെ കല്പന ശ്രവിച്ചതിനാൽ ആദ്യം അത് അനുസരിക്കുന്നതാണ്. പിന്നീട് ഞാൻ ഈ കല്പനയുടെ കാരണങ്ങൾ എന്താണെന്നും ഇതിന്റെ പരിധികൾ എന്താണെന്നും, ഏത് സാഹചര്യത്തിലാണ് ഇത് നിരോധിക്കപ്പെട്ടിരിക്കുന്നതെന്നും ആരായുന്നതാണ്. ഈ മഹത്തരമായ വ്യത്യാസമാണ് നമുക്ക് റസൂൽ കരീം യുടെ സഹാബാക്കളിലും, മറ്റുള്ളവരിലും കാണാൻ സാധിക്കുന്നത്, മദ്യപാനികളുടെ അവസ്ഥ എന്തായിരിക്കുമെന്ന് നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്.

ഒരു മദ്യപാനി, മദ്യപിച്ച് കൊണ്ടിരിക്കുമ്പോൾ അയാളുടെ മുന്നിൽ നിന്നും ഗ്ലാസ് എടുത്ത് മാറ്റിയാൽ പോലും അയാൾ ചാവാനും കൊല്ലാനും തയ്യാറാകുന്നതാണ്. ക്ലബുകളിലും, ബാറുകളിലും ഇത്തരത്തിലുള്ള സംഭവങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു. കുറച്ച് ദിവസം മുമ്പ് ഇവിടെയും ഒരു വാർത്ത വന്നിരുന്നു. ഒരു വ്യക്തി, മറ്റൊരു വ്യക്തിയെ ക്ലബിലോ, ബാറിലോ മറ്റോ മദ്യലഹരിയിൽ കൊലപ്പെടുത്തി. അനിഷ്ടകരമായ കാര്യങ്ങൾ, കേട്ടാൽ പോലും കൊല്ലാനും, വെട്ടാനും ഈ മദ്യപാനികൾ തയ്യാറാകുന്നു. ലഹരിയിൽ ഉന്മാത്തരാകുന്ന ഈ മദ്യപാനികളുടെ ബുദ്ധിയും നല്ലതായിരിക്കില്ല. മനസ്സും നല്ലതായിരിക്കുകയില്ല. അവരുടെ നാവിനും നിയന്ത്രണമുണ്ടാവുകയില്ല. അവർക്ക് മാതാപിതാക്കളെ കുറിച്ചുള്ള ചിന്തയും ഉണ്ടായിരിക്കുകയില്ല. അവരുടെ കൈകാലുകളും അനിയന്ത്രിതമായിക്കൊണ്ട് പ്രവൃത്തിക്കുന്നു. ലഹരിയിൽ അവർക്ക് നിയമത്തിന്റെ ചിന്തയുണ്ടായിരിക്കുകയില്ല. ശിക്ഷയെ കുറിച്ച് ഭയവും ഉണ്ടായിരിക്കുകയില്ല. എന്നാൽ സഹാബാക്കളുടെ ഇച്ഛാ ശക്തി ലഹരിക്ക് മേൽ ആധിപത്യം സ്ഥാപിക്കുകയുണ്ടായി. മദ്യലഹരിയിൽ ഉന്മാത്തരായിരുന്നിട്ട് പോലും, ഒരു കുടം മദ്യം കുടിച്ചതിന് ശേഷം രണ്ടാമത്തെ കുടം കുടിക്കാൻ തുടങ്ങുകയായിരുന്നു. അത്തരുണത്തിൽ അവരുടെ ചെവികളിൽ ഈ ശബ്ദം വീഴുകയാണ് ഹ: മുഹമ്മദ് ﷺ അരുൾ ചെയ്യുന്നു. മുസ്‌ലിംകൾക്ക് മദ്യം ഹറാമാക്കിയിരിക്കുന്നുവെന്ന് അല്ലാഹു എന്നൊട് കൽപ്പിച്ചിരിക്കുന്നു. അവരുടെ ലഹരി അവിടെ ഇറങ്ങിപ്പോയി. ആദ്യം അവർ മദ്യത്തിന്റെ കുടം തകർക്കുന്നു. പിന്നീട് വിളംബരം ചെയ്യുന്ന ആളിനോട് വിളംബരത്തിന്റെ വിശദീകരണം ചോദിക്കുന്നു. ഇത് ഒരു വീട്ടിലെ കാര്യമല്ല. ഏതാനും ആളുകളുടെയും കാര്യമല്ല.

ഒരു രിവായത്തിൽ നിവേദകൻ പറയുന്നു: "ധാരാളം വീടുക ളിലും മദ്യപാനികളുടെ സദസ്സുകൾ നിറഞ്ഞിരുന്നു. ഈ വിളംബരത്തോടൊപ്പം മദ്യത്തിന്റെ കുടങ്ങൾ എത്രത്തോളം തകർത്തെന്നാൽ മദീനയിലെ തെരുവുകളിൽ മദ്യത്തിന്റെ പുഴ തന്നെ ഒഴുക്കാൻ തുടങ്ങി."

എത്ര ആശ്ചര്യജനകമായ ഇച്ഛാ ശക്തിയാണ്. മുസ്‌ലിഹ് മൗഊദ് ؓ അരുൾ ചെയ്യുന്നു: "ഈ ഇച്ഛാ ശക്തി ഉടലെടുത്ത ശേഷം ഒരു തടസ്സവും അവർക്കിടയിൽ വഴിമുടക്കുകയില്ലായിരുന്നു. എല്ലായിടത്തും തന്നെ ഈ ഇച്ഛാ ശക്തി ആധിപത്യം സ്ഥാപിച്ചുകൊണ്ടിരുന്നു. ചുരുക്കത്തിൽ ഇച്ഛാശക്തിയിൽ ആധിപത്യമുള്ളവർ ആത്മീയ ലോകത്തിലെ രാജാക്കന്മാരാകുന്നു. അതിലെ യോദ്ധാക്കൻമാരാകുന്നു. അവർ എങ്ങോട്ട് തിരിഞ്ഞാലും, എങ്ങോട്ട് പോയാലും, എവിടെ പോകാൻ തീരുമാനിച്ചാലും ശയ്ത്വാൻ അവരുടെ മുന്നിൽ ആയുധം വയ്ക്കുന്നതാണ്. ദുരിതങ്ങളുടെ പർവ്വതങ്ങൾ തന്നെ അവരുടെ മുന്നിൽ വന്നാലും അത് പാലട മുറിക്കുന്നത് പോലെ മുറിച്ച് മാറ്റപ്പെടുന്നതാണ്. ഈ നിലയിലുള്ള ഇച്ഛാ ശക്തി ഉണ്ടാകുകയാണെങ്കിൽ പിന്നീട് ആളുകളുടെ കർമ്മപരമായ പരിഷ്ക്കരണത്തിന് മറ്റ് മാർഗങ്ങൾ അവലംബിക്കേണ്ട ആവശ്യം തന്നെ ഉദിക്കുന്നില്ല. 1400 വർഷങ്ങൾക്ക് മുമ്പ് ഇച്ഛാശക്തി മൂലം കർമ പരമായ പരിഷ്കരണം എത്രയധികം നടന്നിട്ടുണ്ടെന്നാൽ, ലോകത്തിൽ മറ്റെവിടെയും ഇതിനു സമാനമായ ഒരു ഉദാഹരണം കാണാൻ സാധിക്കുന്നതല്ല. ഒരു ആശ്ചര്യജനകമായ വിപ്ലവമാണ് അവിടെ സംഭവിച്ചത്.

അതിനോട് സാദൃശ്യം പുലർത്തുന്ന മറ്റ് ഉദാഹരണങ്ങൾ റസൂൽ കരീം ﷺ യുടെ സത്യസന്ധനായ ദാസന്റെ ജമാഅത്തിൽ നമുക്ക് കാണാൻ സാധിക്കുന്നതാണ്. തംബാക്കു ഉപയോഗിക്കുന്നത് ഹറാം അല്ലെങ്കിൽ തന്നെയും ഹദ്റത് മസീഹ് മൗഊദ് عليه السلام അതിനെ ചീത്തയായി പറഞ്ഞിരിക്കുന്നു. ഇത് റസൂൽ ﷺ യുടെ കാലഘട്ടത്ത് ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം ഇത് നിരോധിക്കുമായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു. എന്തായാലും ഇത് ഒരു ചീത്തകാര്യമാണ്, ഇതിൽ ലഹരിയുമുണ്ട്. മസീഹ് മൗഊദ് عليه السلام ഒരു യാത്ര മദ്ധ്യേ ഹുക്കയോടുള്ള അനിഷ്ടം പ്രകടിപ്പിച്ചപ്പോൾ, ഹുക്കവലിക്കുന്ന ശീലക്കാരായ അദ്ദേഹത്തിന്റെ സഹാബാക്കൾ ഹുക്ക പൊട്ടിച്ചു കളഞ്ഞു. പിന്നീട് ഒരിക്കലും തംബാക്കു പാനത്തിന്റെ അടുത്ത് പോലും പോയിട്ടില്ല. ഒരിക്കൽ പോലും ഞങ്ങളുടെ ശ്രദ്ധ അതിലേക്ക് പോയിട്ടില്ല എന്ന് അവർ പറയുന്നു. അത് പോലെ തന്നെ അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷം എല്ലാ ദുശീലങ്ങളും ഉപേക്ഷിച്ചു കളഞ്ഞ ധാരാളം സഹാബികളുടെ ഉദാഹരണങ്ങൾ നമുക്ക് ലഭിക്കുന്നു. ഏത്വരെയെന്നാൽ മദ്യത്തേപ്പോലുള്ള ലഹരിക്ക് അടിമയായവർ പോലും അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷം അത് ഉപേക്ഷിച്ചെന്ന ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഈ മാതൃകകൾ നാം നില നിർത്തേണ്ടതാണ്. ഏതെങ്കിലും നിയമത്തെ ഭയന്നോ, സമൂഹത്തെ ഭയന്ന് കൊണ്ടോ തിന്മയെ ഉപേക്ഷിക്കരുത്. മാതാപിതാക്കളോടുള്ള ഭയം കൊണ്ടോ, സമൂഹത്തിന്റെ ഭയം കൊണ്ടോ, അതിൽ നിന്ന് രക്ഷപ്പെടണമെന്ന ചിന്താഗതി ഒരിക്കലും ഉണ്ടാകാൻ പാടില്ല. മറിച്ച് നമ്മുടെ ചിന്ത, അല്ലാഹുവും അവന്റെ റസൂലും ഇതിൽ നിന്ന് നമ്മെ തടഞ്ഞിരിക്കുന്നു എന്നതായിരിക്കണം. അല്ലെങ്കിൽ ഈ കാലഘട്ടത്തിൽ മസീഹ് മൗഊദ് عليه السلام ഇതിനെ നിരോധിച്ചിരിക്കുന്ന കാരണത്താൽ ഇതിൽ നിന്ന് രക്ഷപ്പെടണം.

മുസ്‌ലിം രാജ്യങ്ങളിൽ മദ്യം തുറന്ന രീതിയിൽ ലഭിക്കുന്നില്ല, നമുക്കറിയാം പാക്കിസ്ഥാനിൽ പോലും നിയമമതിന് അനുവദിക്കുന്നില്ല. ഇക്കാരണത്താൽ രഹസ്യമായ രീതിയിൽ ഇവർ നാടൻ മദ്യം ഉണ്ടാക്കുകയും കുടിക്കുകയും ചെയ്യുന്നു ഇത് താരതമ്യേന വീര്യം കൂടിയ ലഹരിയാണ്. ധനവാന്മാരായ ആളുകൾ മറ്റ് മാർഗങ്ങളിലൂടെ ഉന്നതമായ മദ്യം സംഘടിപ്പിച്ചെടുക്കുന്നു. അത്പോലെ ഞാൻ കണ്ടിട്ടുണ്ട് ചില യൂനിവേഴ്സിറ്റിയിലെ വിദ്യാർഥികൾ ആൽക്കഹോൾ അടങ്ങിയിട്ടുള്ള സിറപ്പുകളും, മരുന്നുകളും പ്രത്യേകിച്ചും ചുമയുടെ സിറപ്പുകൾ ലഹരിക്ക് പകരമായി ഉപയോഗിക്കുന്നു. അതിൽ മറ്റ് മരുന്നുകളും അടങ്ങിയിട്ടുള്ള കാരണത്താൽ അതിന്റെ ദൂഷ്യഫലങ്ങളും പിന്നീട് ഉണ്ടാകുന്നതാണ്. ഈയൊരു സമൂഹത്തിൽ അഹ്മദികൾ രക്ഷപ്പെട്ടിരിക്കേണ്ടത് വളരെ അനിവാര്യമാണ്. തങ്ങളുടെ ഇച്ഛാ ശക്തികൊണ്ട് ഈ തിന്മകളിൽ നിന്നും രക്ഷപ്പെടേണ്ടത് ആവശ്യമാണ്.

ഇപ്പോൾ ഇവിടെ യൂറോപ്യൻ രാജ്യങ്ങളിലും അപകടകാരികളായ മറ്റ് ലഹരികളെ കൂടാതെ ശീഷ എന്ന പേരിൽ റസ്റ്റോറന്റുകളിൽ പ്രത്യേകിച്ചും മുസ്‌ലിം റസ്റ്റോറന്റുകളിൽ ലഹരി പദാർത്ഥം ലഭിക്കുന്നു. അത്പോലെ അമേരിക്കയിൽ ഹുക്കയുടെ പേരിൽ ലഹരി ഉപയോഗിച്ച് വരുന്നു. അത് പ്രത്യേക രീതിയിലുള്ള ഹുക്കയാണ്. അതിന് എന്തോ പേര് പറയുന്നു. ഇവിടെ പല യുവാക്കളും യുവതികളും ലഹരിയില്ല എന്നു പറഞ്ഞുകൊണ്ട് ശിഷ ഉപയോഗിക്കുന്നു എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. വല്ലപ്പോഴും അത് ഉപയോഗിക്കുന്നത് കൊണ്ട് കുഴപ്പമില്ല എന്ന് അവർ ധരിക്കുന്നു. ഓർത്ത്കൊള്ളുക ഈ വല്ലപ്പോഴുമുള്ള ഉപയോഗം നിങ്ങളെ ഒരു സമയത്ത് വലിയ ലഹരിക്ക് അടിമയാക്കിത്തീർക്കുന്നതാണ്. പിന്നീട് അതിൽ നിന്ന് പിന്മാറുന്നത് പ്രയാസമകരമായിത്തീരുന്നതാണ്. ആയതിനാൽ ഇപ്പോൾ തന്നെ നിങ്ങളുടെ ഇച്ഛാ ശക്തി വിനിയോഗിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. അങ്ങനെ ഈ തിന്മകളിൽ നിന്ന് രക്ഷപ്പെടേണ്ടതുണ്ട്. അതിന് വേണ്ടി നിങ്ങളുടെ ഈമാനെ നോക്കുക, ഈമാന്റെ ചൂടിലൂടെ മാത്രമേ ഇച്ഛാ ശക്തി ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയുള്ളൂ. സഹാബാക്കളുടെ മാതൃകകളിൽ നമ്മൾ കണ്ടത് പോലെ ഉടനടി വലിയ തീരുമാനങ്ങൾ എടുക്കാൻ ഇത് പ്രേരകമാകുന്നു. അതല്ലാതെ നിയമങ്ങൾക്ക് ഇതിൽ തടയിടാൻ സാധിക്കുകയില്ല.

ഞാൻ സൂചിപ്പിച്ചത് പോലെ പാക്കിസ്ഥാനിൽ നിയമങ്ങളുണ്ട്, മദ്യ ലഭ്യതയില്ല. എങ്കിലും ആളുകൾ കുടിക്കുന്നു, സംവിധാനം ഒരുക്കുകയും ചെയ്യുന്നു. ഇതിനായി പല മാർഗങ്ങളും അവർ അവലംബിച്ചിട്ടുണ്ട്. അമേരിക്കയിൽ ഒരു സമയത്ത് തുറന്ന രീതിയിൽ മദ്യപാനം തടയുന്നതിന് പരിശ്രമിച്ചു. എന്നാൽ ആളുകൾ മറ്റ് രീതികൾ അവലംബിച്ചു. സ്പിരിറ്റ് കുടിക്കാൻ തുടങ്ങി, സ്പിരിറ്റിന്റെ ദൂശ്യ ഫലങ്ങൾ വളരെ അധികമാണ്. ഇക്കാരണത്താൽ ആളുകൾ മരിക്കാൻ തുടങ്ങി.

ഹ: മുസ്‌ലിഹ് മൗഊദ് ﷺ എഴുതുന്നു, ഈമാൻ ഇല്ലാത്ത കാരണത്താൽ ഭൗതികമായ നിയമങ്ങൾ വിജയിക്കാതെ വന്നു. മറിച്ച് ലഹരിക്ക് അടിമയായവർ സ്പിരിറ്റ് കുടിച്ച് തങ്ങൾക്ക് തന്നെ നാശം വരുത്തിവച്ചു. പിന്നീട് ഗവൺമെന്റ് ഡോക്ടർ അനുവദിക്കുകയാണെങ്കിൽ മദ്യം ലഭിക്കുന്നതാണെന്ന് ഒരു നിയമം ഉണ്ടാക്കി. ഡോക്ടറിന്റെ സമ്മത പത്രം ന്യായീകരിക്കുന്നതാണെങ്കിൽ ഒരു വ്യക്തിക്ക് ഇത് ആവശ്യമാണെന്ന്. തൽഫലമായി ആയിരക്കണക്കിന് ഡോക്ടർമാർ തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ വ്യാജ സർട്ടിഫിക്കറ്റുകൾ നൽകാൻ തുടങ്ങി പ്രാക്റ്റീസില്ലാത്ത ചില ഡോക്ടർമാരും ഇത് ഒരു വരുമാന മാർഗ്ഗമാക്കി. അങ്ങനെ അവർ മദ്യം കുടിക്കുന്നതിനുള്ള സമ്മത പത്രങ്ങൾ വ്യാജമായി നൽകി. ഒരു സമയത്ത് നിയമത്തിന് മുട്ട് കുത്തേണ്ട സാഹചര്യം വന്നു. മെല്ലെ മെല്ലെ ഇപ്പോൾ പ്രായനിബന്ധനയോടൊപ്പം എല്ലായിടത്തും മദ്യം ലഭിക്കാൻ തുടങ്ങി. ചില യിടങ്ങളിൽ ഈ പ്രായപരിധി 21 വയസ്സാണെങ്കിൽ ചിലയിടങ്ങളിൽ 18 വയസ്സാണ്, ചിലയിടങ്ങളിൽ മുതിർന്നവർ കൂടെ ഉണ്ടെങ്കിൽ 15, 16 വയസ്സുള്ള കുട്ടികൾക്കും ചില പ്രത്യേക മദ്യം ലഭ്യമാകുന്നതാണ്. ഇതെല്ലാം തന്നെ തങ്ങളുടെ നിയമത്തിന്റെ ന്യൂനതകളിൽ മറയിടാനുള്ള മാർഗങ്ങൾ മാത്രമാണ്. പുരോഗതി പ്രാപിക്കുന്തോറും തിന്മകൾക്കുള്ള അനുവാദം നൽകിക്കൊണ്ടുള്ള നിയമ നിർമാണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തിന്മയെ തടയാൻ സാധിച്ചില്ലെങ്കിൽ അതിന് നിയമം പ്രാബല്യം നൽകുന്നു.

എന്നാൽ അല്ലാഹുവിന്റെ കല്പനകളിൽ തിന്മ എന്നത് എപ്പോഴും തിന്മ തന്നെയാണ്. അല്ലാഹു, നമ്മുടെ നിയമങ്ങൾക്ക് വിധേയനല്ല. മറിച്ച് നമുക്ക് നമ്മുടെ കർമങ്ങളുടെ പരിഷ്ക്കരണത്തിനായി അല്ലാഹുവിന്റെ കല്പനകളെ പാലിക്കേണ്ടതനിവാര്യമാണ്. നമ്മുടെ ഈമാൻ ഉന്നത നിലവാരത്തിലുള്ളതായിത്തീരുമ്പോഴാണ് ഈ നിബന്ധനകൾക്ക് നാം വിധേയരായിത്തീരുന്നത്. ഇന്നത്തെ പുരോഗതി പ്രാപിച്ച ലോകം ഏതൊരു സമൂഹത്തെയാണ് അറിവില്ലാത്തവർ എന്നും അജ്ഞർ എന്നും വിശേഷിപ്പിക്കുന്നത്. അവർ തങ്ങളുടെ ഈമാനിക വൈകാരികതയെ തങ്ങളുടെ ലഹരിയിൽ ആധിപത്യം സ്ഥാപിച്ചു കാണിച്ചു. തങ്ങളുടെ കർമങ്ങളെ പരിഷ്കരിക്കുകയും ഈ ലോകത്തിൽ തങ്ങളുടെ ഉന്നത സ്വഭാവ വൈശിഷ്ഠത്തിന്റെ കൊടി പാറിക്കുകയും, ലോകത്തെ തങ്ങളുടെ പിന്നാലെ സഞ്ചരിക്കുന്നവരാക്കുകയും ചെയ്തു. അപ്പോൾ ദീനിന്റെ കാര്യത്തിൽ ഇച്ഛാ ശക്തി എന്നത് തങ്ങളുടെ ഈമാന്റെ ദൃഢതയാണ് എന്നത് വ്യക്തമായിരിക്കേണ്ടതാണ്. അത് നന്മ ചെയ്യുന്നതിലൂടെ നിലനിൽക്കുന്നതും തിന്മയിലൂടെ നഷ്ടപ്പെട്ട് പോകുന്നതുമാണ്.

ഇതിനോടൊപ്പം തന്നെ മുമ്പ് സൂചിപ്പിച്ചത്പോലെ അറിവിന്റെ ശക്തിയുണ്ട്. അറിവ് ആരിലെങ്കിലും ഉണ്ടെങ്കിൽ അറിവില്ലായ്മമൂലം ഉണ്ടാകുന്ന പ്രവർത്തന വൈകല്യങ്ങൾ ദുരീകരിക്കാൻ സാധിക്കുന്നതാണ്. അതിന് ഭൗതിക ജീവിതത്തിലൂടെ ഉദാഹരണം നോക്കുകയാണെങ്കിൽ കുട്ടികൾക്ക് ചെറുപ്പത്തിൽ ചില ശീലങ്ങൾ ഉണ്ടായിരിക്കും, ചില കുട്ടികൾക്ക് മണ്ണ് തിന്നുന്ന ശീലം ഉണ്ടായിരിക്കും, ഇതിന്റെ ദൂഷ്യഫലത്തെ കുറിച്ച് കുട്ടി ബോധവാനാകുമ്പോൾ തന്റെ പരിശ്രമങ്ങളിലൂടെ ആ ശീലം മാറ്റുന്നതാണ്. അത് പോലത്തെ ഒരുപാട് ശീലങ്ങളുണ്ട്. എനിക്കറിയാവുന്ന ഒരു പെൺകുട്ടിക്ക് ഉറക്കത്തിൽ മുടി പിഴുതെടുക്കുന്ന ശീലമുണ്ട് അങ്ങനെ മുറിവുണ്ടാകുന്നു. എന്നാൽ ആ കുട്ടി മെല്ലെ മെല്ലെ വളരുമ്പോൾ ഇതിനെ കുറിച്ച് ബോധമുണ്ടയി ആ ശീലം ഉപേക്ഷിക്കാൻ പരിശ്രമിക്കുന്നു. അപ്പോൾ അറിവുണ്ടാകുമ്പോൾ ഈ ശീലം അവസാനിക്കുന്നു. ആകയാൽ ഈ രീതിയിൽ ആർക്കാണോ ദൈവഭയം ഉള്ളത് അവന് ദുഷ്ക്കർമങ്ങളെ കുറിച്ചും ദൈവഭയത്തെക്കുറിച്ചും ശരിയായ രീതിയിൽ ബോധ്യപ്പെടുത്തുകയാണെങ്കിൽ, ദുഷ്കർമങ്ങൾ മൂലം ദൈവം ഏത് രീതിയിലാണ് പിണങ്ങുന്നത് എന്ന ബോധ്യം ഉണ്ടാക്കിയെടുക്കുകയാണെങ്കിൽ അവൻ തിന്മയിൽ നിന്നും രക്ഷപ്പെടുന്നതാണ്.

മൂന്നാമത്തെ കാര്യം, പ്രവർത്തന വൈകല്യങ്ങൾ ഉണ്ടാകുന്നത് കർമശക്തിയുടെ ന്യൂനത മൂലമാണ്. ചില ആളുകൾ കരുതുന്നുണ്ടാകും ഞാൻ വിഷയം ആവർത്തിക്കുകയാണെന്ന്. ഒരു പക്ഷേ വിഷയം ആവർത്തിക്കുന്നുണ്ടാകാം, പക്ഷേ മനസ്സിലാകുന്നതിനു വേണ്ടി വ്യത്യസ്തമായ വീക്ഷണ കോണുകളിൽ കൂടിയാണ് ഇതിനെ അവതരിപ്പിക്കുന്നത്. എന്തായാലും കർമശക്തിയുടെ ദൗർബല്യം അല്ലെങ്കിൽ കർമശക്തി ഇല്ലാതിരിക്കുന്നതിന് ചില കാരണങ്ങളുണ്ടെന്ന് അറിഞ്ഞിരിക്കുക. ഒരു കാരണം ശീലമാണ് ഉദാഹരണത്തിന് ഒരു വ്യക്തിക്ക് ഇച്ഛാ ശക്തിയുണ്ട്, അറിവുണ്ട് പക്ഷേ ശീലം കാരണം നിർബന്ധിതനായികൊണ്ട് അവൻ പ്രവർത്തനങ്ങളിൽ ന്യൂനത കാണിക്കുന്നുണ്ടാകാം. അല്ലെങ്കിൽ ഒരു വ്യക്തി ദൈവ സാമീപ്യം പ്രാപ്യമാകുമെന്ന് അറിയാമായിരുന്നിട്ടും ഭൗതിക വസ്തുക്കൾക്കു വേണ്ടി, സ്നേഹ വികാരങ്ങൾക്ക് കീഴ്പ്പെട്ട്, അല്ലെങ്കിൽ ഭൗതിക വസ്തുവകകൾ നഷ്ടപ്പെടുമെന്ന ഭയത്താൽ ദൈവസാമീപ്യം നേടുന്നതിൽ നിന്ന് വിദൂരസ്ഥനായി കഴിയുന്നു. അങ്ങനെയുള്ള വ്യക്തികൾക്ക് ആന്തരിക ചികിത്സയ്ക്ക് പകരമായിക്കൊണ്ട് ബാഹ്യമായ ചികിത്സകൾ അനിവാര്യമാണ്. ഇതിലൂടെ മാത്രമേ കർമശേഷിയിൽ പുരോഗതി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇതിന് ശരിയായ പിന്തുണ ആവശ്യമുണ്ട്. ശരിയായ പിന്തുണ ലഭിക്കുകയാണെങ്കിൽ പുരോഗതി പ്രാപിക്കുന്നതാണ്. അപ്പോൾ കർമസംസ്ക്കരണത്തിനായി ഈ ശരിയായ പിന്തുണയെ അന്വേഷിക്കേണ്ടതാണ്. ഒരു വ്യക്തിക്ക് മുൻകൂട്ടി ഒരു കാര്യത്തെ കുറിച്ച് അറിവ് ഉണ്ടെങ്കിൽ അവന്റെ സംസ്ക്കരണത്തിന് അറിവ് അനിവാര്യമല്ല. അതായത് തിന്മ ചെയ്താൽ ദൈവകോപമുണ്ടാകുമെന്ന് അറിവുള്ള വ്യക്തിയൊട് ദൈവകോപത്തെ പറ്റിപ്പറയുന്നത് യാതൊരു പ്രയോജനം ചെയ്യുകയില്ല. അല്ലെങ്കിൽ അല്ലാഹുവിന്റെ സ്നേഹത്തെ കരസ്ഥമാക്കുക എന്നതിനെ കുറിച്ചുള്ള അറിവ് ഉള്ളയാൾക്ക് അല്ലാഹുവിന്റെ സ്നേഹത്തെ കുറിച്ച് പറയേണ്ട കാര്യമില്ല. അവന് മുൻപേ തന്നെ അതിനെ കുറിച്ച് അറിയാവുന്നതാണ് ഇച്ഛാ ശക്തിയും അവനിലുണ്ട്, എന്നാൽ അത് പരിപൂർണ്ണമല്ല. അറിവ് മുമ്പ് പറഞ്ഞത് പോലെ നമ്മളും അവന് പകർന്നു നൽകി, അത് കൂടാതെ അവന് നേരത്തെ തന്നെ ഈ വിഷയ സംബന്ധമായി അറിവുള്ളതുമാണ് എന്നാൽ അല്ലാഹുവിന്റെ സ്നേഹമോ,

അല്ലാഹുവിന്റെ കോപമോ അവന്റെ ഹൃദയം തുരിമ്പിച്ചിരിക്കുന്ന കാരണത്താൽ അവനിൽ വലിയ പ്രഭാവം ഉണ്ടാകുന്നില്ല. അപ്പോൾ അവന് മറ്റ് ചില കാര്യങ്ങളാണ് ആവശ്യമായിട്ടുള്ളത്, എന്തെന്നാൽ അല്ലാഹു അവന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കുകയാണ്, അവൻ പറയുന്നത് മുൻപിലുള്ള മറ്റ് പലതിനേയും കാണാൻ സാധിക്കുന്നു എന്നാൽ അല്ലാഹുവിനെ അവന് കാണാൻ സാധിക്കുന്നില്ലാ എന്നാണ്. ആരുടെ വിശ്വാസമാണോ പരിപൂർണ്ണമല്ലാത്തത് അവന്റെ ദൃഷ്ടിയിൽ നിന്ന് അല്ലാഹു മറഞ്ഞിരിക്കുന്നതാണ്. ആയതിനാൽ അവൻ അല്ലാഹുവിനെ ഭയപ്പെടുന്നില്ല. അങ്ങനെയുള്ള വ്യക്തിയെ സംബന്ധിച്ചിടത്തോളം അവർ ചില വ്യക്തികളെ ഭയപ്പെടുന്നു എന്നതാണ്. അത്തരക്കാരുടെ ഹൃദയത്തിൽ ചില വ്യക്തികളുടെ ഭയം ഇട്ടു കൊടുക്കുകയാണെങ്കിൽ, അല്ലെങ്കിൽ ഭൗതിക ശക്തി അവലംബിച്ച് കൊണ്ട് അവരുടെ പരിഷ്കരണം നടത്തുകയാണെങ്കിൽ അത്തരക്കാരുടെ പരിഷ്കരണവും സാധ്യമാകുന്നതാണ്.

എന്നാൽ ഈ ഭൗതിക ശക്തി, ഭൗതിക നിയമങ്ങളെപ്പോലെ രാഷ്ട്രീയ നേട്ടങ്ങൾക്കായി പരിഷ്കരണത്തിൽ നിന്നും ഭയന്ന് പിന്മാറുന്നവയാകരുത്. ഇന്നത്തെ ഭൗതിക നിയമങ്ങൾ അതുപോലെയാണ്. എന്തായാലും ഈ മൂന്ന് രീതിയിലുള്ള ആളുകളും ലോകത്തുണ്ട്, ഈ രോഗങ്ങളും ഉണ്ട്. ചില ആളുകളുടെ പ്രവർത്തന വൈകല്യത്തിന് കാരണം വിശ്വാസത്തിന്റെ അപൂർണതയാണ്, ചിലയാളുകളുടെ പ്രവർത്തന വൈകല്യത്തിന് കാരണം അവരിലെ അറിവിന്റെ അപൂർണതയാണ്, ചിലയാളുകൾ, അറിവും ഈമാനും ഉണ്ടെങ്കിലും അവരിൽ മറ്റ് മാർഗങ്ങളിലൂടെ ഉണ്ടാകുന്ന തുരുമ്പ് മാറ്റാൻ ഈ രണ്ട് ചികിത്സാ മാർഗ്ഗങ്ങൾക്കും സാധ്യമല്ല. അവർക്ക് ബാഹ്യമായ ചികിത്സ അനിവാര്യമായിവരുന്നു. ഏതെങ്കിലും പിൻബലത്തിന്റെ ആവശ്യമുണ്ടാകുന്നു. ഉദാഹരണത്തിന് ആരുടെയെങ്കിലും എല്ലിന് ഒടിവ് സംഭവിച്ചാൽ എല്ലുകൾ കൂടിച്ചേരുന്നതിന് പ്ലാസ്റ്റർ ചെയ്ത് പിൻബലം നൽകാറുണ്ട്. ചിലപ്പോൾ എല്ലുകൾക്ക് ബലം ഉണ്ടാകുന്നതിന് ഓപറേഷൻ മുഖേന കമ്പി ഇടാറുണ്ട്. മെല്ലെ മെല്ലെ എല്ലുകൾ ശരിയാവുകയും ഈ സപ്പോർട്ട് എടുത്തു കളയുകയും ചെയ്യുന്നു. അത് പോലെ ചില മനുഷ്യർക്ക് കുറച്ച് കാലത്തേക്ക് പിൻബലം ആവശ്യമായി വരുന്നു. മെല്ലെ മെല്ലെ ഈ പിൻബലത്തിലൂടെ അവൻ സ്വയം പ്രവർത്തിക്കുന്നതിനാവശ്യമായ ഊർജ്ജം കരസ്ഥമാക്കുന്നു. അങ്ങനെ പ്രവർത്തന വൈകല്യങ്ങൾ അകലുകയും ചെയ്യുന്നതാണ്.

ഞാൻ കഴിഞ്ഞ ഖുത്ബയിലും പറഞ്ഞിരുന്നു നമ്മുടെ ജമാഅത്ത് സംവിധാനവും, ഭാരവാഹികളും, കീഴ്ഘടകങ്ങളുമെല്ലാം ഈ പ്രവർത്തന വൈകല്യത്തെ ദുരീകരിക്കുന്നതിനുള്ള പിൻബലമായിത്തീരേണ്ടതാണ്. എന്നാൽ സ്വയം ഈ ഭാരവാഹികളിൽ ഇച്ഛാ ശക്തിയില്ലായെങ്കിൽ, അറിവ് ഇല്ലായെങ്കിൽ, പ്രവർത്തന വൈകല്യങ്ങൾ ഉണ്ടെങ്കിൽ മറ്റുള്ളവർക്ക് പിൻബലമാകുന്നത് എങ്ങനെയാണ്?.

ആയതിനാൽ ജമാഅത്തിന്റെ മുന്നേറ്റത്തിനായി, സംവിധാനത്തിന്റെ ഓരോ ഭാഗവും തന്നെ, മറിച്ച് ഓരോ അഹ്മദിയ്യും തന്നെ തങ്ങളുടെ ആത്മപരിശോധന നടത്തിക്കൊണ്ട് തങ്ങളെ പരിഷ്ക്കരിക്കേണ്ടത് അനിവാര്യമാണ്. തങ്ങളുടെ സുഹൃത്തുക്കളുടേയും, മറ്റ് ഉറ്റവരുടേയും, ന്യൂനതകളിൽ അകപ്പെട്ടിരിക്കുന്നവരുടെയും പിൻബലമായിത്തീരേണ്ടതാണ്. അങ്ങനെ ജമാഅത്തിലെ ഓരോ വ്യക്തിയും തന്നെ കർമപരമായ പരിഷ്കരണത്തിന്റെ ഉന്നത നിലവാരം കരസ്ഥമാക്കുന്നവരായിത്തീരേണ്ടതാണ്. അങ്ങനെ ഈ രീതിയിൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരുകയും ചെയ്യട്ടേ. അല്ലാഹു തആലാ നമുക്ക് അതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

നമസ്കാരത്തിന് ശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഒരു വേദനാജനകമായ വാർത്തയുണ്ട്. അസ്‌ലാൻ സർവർ ഇബ്നു മുഹമ്മദ് സർവർ സാഹിബ് റാവൽ പിണ്ടി, ജനുവരി 14 ന് ശഹാദത്ത് വരിച്ചു. إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ

ആദ്യം ഞാൻ ഇവരുടെ കുടുംബത്തെ ചെറിയ രീതിയിൽ പരിചയപ്പെടുത്തുന്നതാണ്. അസ്‌ലാൻ സർവർ സാഹിബിന്റെ പിതാമഹൻ മുഹമ്മദ് യൂസുഫ് സാഹിബ് സെക്റ്റർ നമ്പർ 55 ജെടാൻ വാലാ, ഫൈസലാബാദ് ജില്ലയിൽ ഉള്ളവരാണ്. ശഹീദ് മർഹൂമിന്റെ പിതാവും, പിതാമഹനും മൂന്നാം ഖിലാഫത്ത് കാലഘട്ടത്തിൽ, 1973 ലാണ് ബൈഅത്ത് ചെയ്തത്. ഇദ്ദേഹത്തിന്റെ മാതാവ് ജന്മനാ അഹ്മദിയാണ്. 1984-ൽ ഈ കുടുംബം റാവൽ പിണ്ടിയിലേക്ക് മാറിത്താമസിച്ചു. മർഹൂമിന്റെ പിതാവ് ഇവിടെ ഫ്ളോർ മില്ലിൽ സൂപ്പർവൈസർ ആയിരുന്നു. അസ്‌ലാൻ സർവർ ശഹീദ് മർഹൂമിന്റെ ജനനം റാവൽപിണ്ടിയിലായിരുന്നു, ഇസ്‌ലാമാബാദിൽ എഫ്.എസ്.സി എജ്നിയറിംങ് വിദ്യാർത്ഥിയായിരുന്നു. വഫാത്ത് സമയത്ത് ഇദ്ദേഹത്തിന്റെ പ്രായം 17 വയസ്സായിരുന്നു.

അസ്‌ലാൻ സാഹിബിന്റെ ശഹാദത്ത് സംഭവം ഇപ്രകാരമാണ്, 13 നും 14 നും മദ്ധ്യേയുള്ള രാത്രിയിൽ ഒരുമണിയോടടുത്ത് തന്റെ ചില അനഹ്മദി സുഹൃത്തുക്കളുമൊത്ത് തെരുവിൽ റബീഉൽ അവ്വൽ 12 നോട് അനുബന്ധിച്ച് ലൈറ്റിംങ്ങും മറ്റു ഒരുക്കങ്ങളും നടത്തുകയായിരുന്നു. ഒരു വാഹനം തെരുവിന്റെ അറ്റത്ത് വന്ന് നിന്നു. കുറച്ചു നേരത്തിന് ശേഷം ഒരു ബൈക്കും ഈ വാഹനത്തിന്റെ സമീപത്ത് വന്ന് നിന്നു. ഇവർ വരുന്നതിന് മുമ്പ് വാഹനത്തിലുണ്ടായിരുന്ന രണ്ട് ആളുകൾ അഴുക്ക് കൂനയിൽ നിന്നും നേരത്തെ അവിടെ വച്ചിരുന്ന വെള്ള നിറത്തിലുള്ള ഒരു വലിയ സഞ്ചി എടുത്ത്കൊണ്ട് വന്നു. ഇതേ സമയത്ത് തെരുവിൽ ഉണ്ടായിരുന്ന അസ്‌ലാൻ സർവർ സാഹിബും മറ്റ് അനഹ്മദി സുഹൃത്തുക്കളും ഇവരെ കണ്ടു. സംശയം തോന്നിയ ഇവർ, പരസ്പരം ആലോചിച്ച ശേഷം മുതിർന്നവരെ ഉണർത്താൻ തീരുമാനിച്ചു. അസ്‌ലാൻ സാഹിബ് ബഹളമുണ്ടാക്കിയപ്പോൾ വാഹന ത്തിൽ നിന്ന് ഒരാൾ പുറത്തിറങ്ങി ആകാശത്തേക്ക് രണ്ട് മൂന്ന് വെടിയുതിർത്തു. ഇതിൽ കുട്ടികൾ ഒച്ചപ്പാട് ഉണ്ടാക്കിക്കൊണ്ട് തെരുവിന്റെ അറ്റത്തേക്ക് ഓടി. അതിൽ ഒരാൾ പുറകെ വന്ന് രണ്ട് മൂന്ന് വെടിയുതിർത്തു. അസ്‌ലാൻ സർവർ സാഹിബ് ഓടുമ്പോൾ മറ്റ് രണ്ട് സുഹൃത്തുക്കളുടെയും മധ്യത്തിലായിരുന്നു. തെരുവിലെ വെടിയുതിർത്ത അടയാളങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് മറ്റ് രണ്ട് കുട്ടികളേയും വെടി വെച്ചിരുന്നു എന്നാണ്.

അവർ ഇടത്തും വലത്തുമാണ് ഉണ്ടായിരുന്നത്. അസ്‌ലാൻ സഹിബ് ഓടുന്നതിനിടയിൽ തിരിഞ്ഞു നോക്കിയ നേരത്ത് തലയിൽ വെടികൊണ്ടു. മറ്റ് കുട്ടികൾ അവിടെ നിർത്തിയിരുന്ന വണ്ടിയുടെ പിൻഭാഗത്ത് കിടന്നു. അക്രമി കുറച്ചു ദൂരം പിന്തുടർന്ന ശേഷം മടങ്ങിപ്പോയി. ഹോസ്പിറ്റലിൽ കൊണ്ടു പോയി. അടുത്ത് തന്നെയാണ് റാവൽ പിണ്ടി ഹോസ്പിറ്റൽ ഉണ്ടായിരുന്നത്. ഡോക്ടർമാർ പരിശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. തലച്ചോറിൽ വെടിയേറ്റ കാരണത്താൽ രക്ഷപ്പെടാൻ സാധ്യതയില്ലാ എന്ന് ആദ്യം തന്നെ ഡോക്ടർമാർ പറഞ്ഞിരുന്നു. രക്തം നൽകപ്പെട്ടു. ഏകദേശം മൂന്ന് മണിക്കൂറിന് ശേഷം അസ്‌ലാൻ സാഹിബ് ശഹീദായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. അവിടെയുള്ള അനഹ്മദി സുഹൃത്തുക്കളെല്ലാം ഇദ്ദേഹത്തിന്റെ വീട്ടിൽ അനുശോചനം അറിയിക്കാൻ വന്നിരുന്നു. മൂസിയായിരുന്നു അല്ലാഹുവിന്റെ അനുഗ്രഹത്താൽ 14 വയസ്സിൽ തന്നെ വസിയ്യത്ത് ചെയ്തിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യാ സാറ്റലൈറ്റ് ടൗണിൽ സായിക്കായിക്കൊണ്ട് സേവനമനുഷ്ഠിച്ച് വരികയായിരുന്നു. അത്ഫാലുൽ അഹ്മദിയ്യായിലും സേവനം അനുഷ്ഠിച്ച് പോന്നിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സഹോദരനും വിത്യസ്തമായ ജമാഅത്ത് സേവനങ്ങളിൽ കർമനിരതനാണ്. റാവൽപിണ്ടി ഖാഇദ് സാഹിബ് പറയുന്നു, "അസ്‌ലാൻ സർവർ സാഹിബും അദ്ദേഹത്തിന്റെ എല്ലാ സഹോദരന്മാരും ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. സെക്യൂരിറ്റി ജോലികളിലും മറ്റ് ദീനി സേവനങ്ങളിലും മുൻ നിരയിൽ നിന്ന് ഖിദ്മത്ത് ചെയ്യുന്നവരായിരുന്നു." റാവൽ പിണ്ടിയിലെ മുറബ്ബി സാഹിബ് പറയുന്നു, "എപ്പോഴും ഇദ്ദേഹത്തിന്റെ ഓഫീസിൽ വന്ന് കൊണ്ട് ശഹീദ് മർഹൂം ഹദ്റത് മസീഹ് മൗഊദ്عليه السلامന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുമായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ടയുള്ളവനായിരുന്നു. നമസ്കാരം വളരെ വേദനാ നിർഭരമായിക്കൊണ്ട് അനുഷ്ഠിക്കുമായിരുന്നു. കൃത്യമായി ജുമുഅ നമസ്കാരം ഐവാനെ തൗഹീദിൽ അനുഷ്ഠിക്കുമായിരുന്നു. പോലീസിന്റെ സെക്യൂരിറ്റി ഉണ്ടാകുമായിരുന്നു. ചില കർശന നിയമങ്ങളും അവിടെ പാലിക്കപ്പെടുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചന്ദയിൽ കൃത്യനിഷ്ഠയുള്ള വ്യക്തിയായിരുന്നു. *അല്ലാഹു മർഹൂമിന്റെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. കാരുണ്യത്തിന്റെയും പൊറുക്കലിന്റെയും മാർഗത്തിൽ പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും ക്ഷമയും സമാധാനവും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.*

മർഹൂമിന്റെ കുടുംബത്തിൽ പിതാവ് മുഹമ്മദ് സർവർ സാഹിബ് ഹൽഖയിലെ സെക്രട്ടറി ദവത്തെയില്ലാഹ് ആയിരുന്നു. മാതാവ് ഇശത്ത് പർവ്വിൻ സാഹിബ. ഇവരെ കൂടാതെ മൂന്ന് സഹോദരന്മാർ ഉണ്ട്. യാസിർ അഹ്മദ് ജർമ്മനിയിൽ ആണ്, നാസർ അഹ്മദ് അമേരിക്കയിലാണ്, മുഹമ്മദ് അഹ്മദ് റാവൽ പിണ്ടിയിലാണ്. *അല്ലാഹു എല്ലാവർക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.*

## PRINTED BOOKS

To

From,
**AHMADIYYA JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 January 17 at : Baitul Futuh Mosque, London.
Translation: T. Ameeruddin Sajid Muvattupuzha 08281236595

Typing: A.T. Nasarudheen Calicut
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**